**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1601** **31/01/2018-ൽ മറുപടിയ്ക്**

# ഹോർട്ടികോർപ്പ് മുഖേന പച്ചക്കറി സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പിന്റെ എത്ര ഔട്ട് ലറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) ഹോർട്ടികോർപ്പിന്റെ കീഴിൽ നിലവിൽ 95 സ്വന്തം സ്റ്റാളുകളും 253 ലൈസൻസി സ്റ്റാളുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) ഇതിലൂടെ എത്ര കോടി രൂപയുടെ വിറ്റുവരവ് ഓരോ വർഷവും ഉണ്ടാകുന്നുണ്ട് എന്നറിയിക്കുമോ; | ബി) ആകെയുള്ള വിറ്റുവരവ് :<br>2014-15 - 81,39,05,455.10 രൂപ<br>2015-16 - 70,00,13,766.81 രൂപ<br>2016-17 - 77,93,75,636.64 രൂപ |
| സി) ഹോർട്ടികോർപ്പിന് എവിടെയൊക്കെയാണ് പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ഉള്ളത്; | സി) കാസർഗോഡ് ജില്ല ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന് പച്ചക്കറി സംഭരണ കേന്ദ്രങ്ങൾ ഉണ്ട്. ഇതു കൂടാതെ ചടയമംഗലത്തും ഹരിപ്പാട്ടുമായി രണ്ട് ഉപകേന്ദ്രങ്ങളും ഹോർട്ടികോർപ്പിനുണ്ട്. |
| ഡി) കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിയ്ക്കുമ്പോൾ വില നിശ്ചയിച്ച് നൽകുന്നത് എന്തൊക്കെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | ഡി) കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷക പ്രതിനിധികളും കൂടി ഉൾപ്പെടുന്ന സമിതി നിശ്ചയിക്കുന്ന അടിസ്ഥാന വിലയിൽ നിന്നും 10 ശതമാനം അധികം നൽകിയാണ് ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നത്. |

(contd..........)

| | | | |
|---|---|---|---|
| ഇ) | സംസ്ഥാനത്തെ പരമാവധി സ്ഥലങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് മുഖേന പച്ചക്കറികൾ സംഭരിച്ച് കർഷകർക്ക് മാന്യമായ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ഇ) | പൊതുവിപണിയിൽ നിന്ന് കർഷകർക്ക് ലഭിക്കുന്ന വിലയുമായി താരതമ്യം ചെയ്ത് അതിനെക്കാൾ 10% വില കൂട്ടി കർഷകരിൽ നിന്നും സംഭരിക്കുകയും കമ്പോള വിലയെക്കാൾ വില കുറച്ച് മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരികയും ചെയ്യുന്നു. സംസ്ഥാന കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്തവ്യാപാര വിപണികൾ, പച്ചക്കറി ക്ലസ്റ്ററുകൾ എന്നിവിടങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ